بسم الله الرحمن الرحيم

فتح المعين في تقريب منهج السالكين وتوضيح الفقه في الدين

# حكم زكاة الفطر

باللغة المليبارية

# സകാതുൽ ഫിത്റിന്റെ വിധി

| നിർബന്ധമുള്ളവർ | സുന്നത്തുള്ളവർ | നൽകേണ്ടത് |
|---|---|---|
| റമദ്വാനിലെ അവസാനത്തെ സൂര്യാസ്തമയം ലഭിച്ച ചെറുതും വലുതുമായ, ആണും പെണ്ണുമായ, അടിമയും സ്വതന്ത്രനുമായ എല്ലാ മുസ്‌ലിമും ഇത് നൽകൽ നിർബന്ധമാണ്. | ഗർഭസ്ഥ ശിശു | പെരുന്നാൾ ദിവസത്തിനും അതിന്റെ രാത്രിക്കും തനിക്കും കുടുംബത്തിനും അത്യാവശ്യമായ ഭക്ഷണം കഴിച്ചുള്ളതിൽ നിന്ന് ഒരു സ്വാഅ് ആണ് നൽകേണ്ടത്. |

## സകാതുൽ ഫിത്ർ നിർബന്ധമാക്കിയതിന്റെ ഉദ്ദേശ്യം

| | |
|---|---|
| അനാവശ്യ സംസാരങ്ങളിൽ നിന്നും തോന്നിവാസങ്ങളിൽ നിന്നും നോമ്പുകാരന് ശുദ്ധീകരണമായിട്ട്. | ദരിദ്രർക്കും അഗതികൾക്കും പെരുന്നാൾ ദിവസം മറ്റുള്ളവരോട് യാചിക്കുന്നതിൽ നിന്ന് സമ്പുഷ്ടീകരണം നൽകുന്നു. |

## സകാതുൽ ഫിത്ർ നൽകേണ്ട സമയം

| അനുവദനീയമായ സമയം: | സുന്നത്തായ സമയം: | നിഷിദ്ധമായ സമയം: |
|---|---|---|
| പെരുന്നാളിന് ഒന്നോ രണ്ടോ ദിവസം മുമ്പ്. | പെരുന്നാൾ ദിവസം ഫജ്റിന് ശേഷം പെരുന്നാൾ നമസ്കാരത്തിന് മുമ്പായി. | പെരുന്നാൾ നമസ്കാരത്തിന് ശേഷം. |

## സകാതുൽ ഫിത്റായി നൽകൽ അനുവദനീയമായത്

| | |
|---|---|
| മനുഷ്യർ ഭക്ഷിക്കുന്നതായ ഭക്ഷണ സാധനത്തിൽ നിന്ന് (നാട്ടിലെ മുഖ്യാഹാരത്തിൽ നിന്ന്) ഒരു സ്വാഅ്. ഒരു സ്വാഅ് ഗോതമ്പിന്റെ തൂക്കം 2.400 ഗ്രാം ആണ്. ഓരോ ധാന്യവും ഒരു സ്വാഅ് എന്ന തോതിൽ നൽകണം. | സകാതുൽ ഫിത്ർ നാണയമായി നൽകാൻ പാടില്ല |

## ഫിത്ർ സകാതായി നൽകുന്ന പ്രധാനപ്പെട്ട ഭക്ഷണ സാധങ്ങളുടെ തൂക്കം

| | | |
|---|---|---|
| മാവ് : 1.400 ഗ്രാം | റവ : 2000 ഗ്രാം | അരി : 2300 ഗ്രാം |
| ഗോതമ്പ് : 2040 ഗ്രാം | പയറു വർഗ്ഗം : 2100 ഗ്രാം | ചെറുപയർ : 2000 ഗ്രാം |
| ബീൻസ് : 2060 ഗ്രാം | ഫല വർഗ്ഗം : 1800 ഗ്രാം | ഉണക്ക മുന്തിരി: 1640 ഗ്രാം |

## അളവും സ്വീകർത്താവും പരിഗണിച്ചുള്ള സകാത്തിന്റെ ഇനങ്ങൾ

| | | |
|---|---|---|
| സകാത്ത് നൽകുന്നവരേയോ നൽകപ്പെടുന്നവരേയോ പരിഗണിക്കാതെ, സകാതുൽ ഫിത്റിനെ പോലെ നൽകപ്പെടുന്ന വസ്തുവിനെ മാത്രം നിർണ്ണയിക്കപ്പെടുന്നത്. | നൽകപ്പെടുന്നതിനേയും നൽകപ്പെടുന്നവരേയും നിർണ്ണയിക്കപ്പെട്ടവ, ഇഹ്റാമിലെ ഫിദ്‌യയെ പോലുള്ളത്. (നീ ആറ് സാധുക്കളെ ഭക്ഷിപ്പിക്കുക, ഓരോ സാധുവിനും അര സ്വാഅ് വീതം) ഹദീസ് | സകാത്ത് നൽകപ്പെടുന്നതിനെ നിർണ്ണയിക്കാതെ സ്വീകരിക്കുന്നവരെ മാത്രം നിർണ്ണയിക്കപ്പെട്ടവ. സത്യം ചെയ്യലിന്റെ പ്രായശ്ചിത്തം ഇതിന് ഉദാഹരണമാണ്. |

mahadsunnah.com: معهد السنة

تحت إشراف الشيخ د. هيثم سرحان ، المدرس بالمسجد النبوي – Sarhan.com